**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1372** **03-02-2026 - ൽ മറുപടിയ്ക്ക്**

**ടൂറിസം വകുപ്പിന്റെ കുറ്റ്യാടി മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ 2021 മെയ് മാസം മുതൽ ഇതുവരെയായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് പ്രവൃത്തിയുടെ പേരും അടങ്കൽ തുക സഹിതവും വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിക്ക് സമർപ്പിച്ച റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | 2025-26 ബജറ്റ് ചർച്ചയ്ക്കുള്ള മറുപടിയിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിക്ക് 2 കോടി രൂപ അനുവദിക്കുമെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര വകുപ്പ ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച പദ്ധതി പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ പുരോഗതി |
|---|---|---|---|
| 1. | തലശ്ശേരി പൈതൃക ടൂറിസം പദ്ധതി – കിഫ്ബി ഫണ്ട് – ലോകനാർ ക്കാവ് ക്ഷേത്രത്തിലെ തീർത്ഥാടന ടൂറിസം വികസനം | 66928524.54/- | 6.69 കോടി രൂപയിൽ ആദ്യഘട്ടത്തിൽ 3.91 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭ്യമാക്കുകയും ആയത് SPV, M/S KIIDC പൂർത്തീകരിക്കുകയും ചെയ്യുകയുണ്ടായി.<br>ബാലൻസ് തുക ഉപയോഗിച്ച് മ്യൂസിയം വർക്കുകൾ നടപ്പിലാക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും ടി നിർമ്മാണം പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| 2. | പിൽഗ്രിം ടൂറിസം ഡെവലപ്പ്മെന്റ് അറ്റ് ലോകനാർകാവ് ടെമ്പിൾ | 45000000/- | നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചു. |
| 3. | ചൊവ്വാപ്പുഴ എക്കോ ടൂറിസം അറ്റ് മണിയൂർ ഗ്രാമപഞ്ചായത്ത് | 9970000/- | നിർമ്മാണം ആരംഭിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചു വരുന്നു. |
| 4. | അക്വാട്ടിക് ട്രെയിനിങ് സെൻറർ അറ്റ് മേമുണ്ട HSS ഇൻ കോഴിക്കോട് | 9950000/- | സാങ്കേതികാനുമതി ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**